**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **22-07-2021 - ൽ മറുപടിയ്ക്ക്**

**കല്ലമ്പലം ഡീസന്റ്മുക്ക് പ്രദേശത്ത് വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ കല്ലമ്പലം ഡീസന്റ്മുക്ക് പ്രദേശത്ത് നിരന്തരമായി വൈദ്യുതി തടസ്സം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഡീസന്റ് മുക്ക് ട്രാൻസ്ഫോർമറിന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് ടി ട്രാൻസ്ഫോർമറിലേക്ക് വരുന്ന 11 കെ വി ലൈനിൽ തകരാറുകൾ വരുമ്പോൾ വൈദ്യുതി തടസ്സം ഉണ്ടാവുന്നുണ്ട്. നിലവിൽ ഈ ട്രാൻസ്ഫോർമറിന് ബാക് ഫീഡിംഗ് സംവിധാനം ഇല്ല. പ്രശ്നം പരിഹരിക്കുന്നതിലേക്ക് കാഷ്യൂ ഫാക്ടറി മുതൽ ഡീസൻറ്മുക്ക് ട്രാൻസ്ഫോർമർ വരെ ബാക് ഫീഡിംഗ് സംവിധാനം ഉറപ്പാക്കുന്നതിന് 600 മീറ്റർ പുതിയ 11 കെ വി ലൈൻ നിർമിക്കുന്നതിലേക്ക് 9,30,922/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തി രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ